SAMAGRA PLUS

# വാർഷിക മൂല്യനിർണ്ണയം 2024-'25
## മാതൃകാ ചോദ്യങ്ങൾ
## ഗണിതശാസ്ത്രം

**ക്ലാസ്സ് : 7** **സമയം : 2 മണിക്കൂർ**


**സ്കോർ : 30**

നിർദ്ദേശങ്ങൾ :

- മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് മുമ്പ് 15 മിനുട്ട് സമാശ്വാസ സമയമാണ്.
- ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ച് മനസ്സിലാക്കാനുള്ളതാണ്.
- തന്നിരിക്കുന്ന മൂല്യനിർണയ പ്രവർത്തനങ്ങളിൽ ഏതെങ്കിലും 6 എണ്ണത്തിന് ഉത്തരമെഴുതിയാൽ മതി.

## പ്രവർത്തനം 1

**എ )** ത്രികോണം ABC യുടെ പരപ്പളവ് എത്ര ചതുരശ്ര സെന്റീമീറ്റർ ?




**a )** 60 **b )** 17 **c )** 24 **d )** 30

( 1 )

**ബി )** ഇതേ പരപ്പളവുള്ള ഒരു മട്ടത്രികോണത്തിന്റെ ലംബവശങ്ങളിലൊന്ന് 12 cm ആയാൽ രണ്ടാമത്തെ ലംബവശത്തിന്റെ നീളമെത്ര? ( 1 )

**സി)** ആ മട്ടത്രികോണത്തിന്റെ ഏറ്റവും നീളം കൂടിയ വശത്തിന്റെ നീളം കണ്ടുപിടിക്കുക. ( 1 )

**ഡി )** ആ മട്ടത്രികോണം വരയ്ക്കുക. ( 2 )

SAMAGRA PLUS

## പ്രവർത്തനം 2

**എ )**100 രൂപക്ക് 20 രൂപ കിഴിവ് തരുന്ന കടയിൽ നിന്നും 950 രൂപ വിലയുള്ള വാച്ച് വാങ്ങുമ്പോൾ എത്ര രൂപ കിഴിവ് ലഭിക്കും?

**a )** 200 **b )** 190 **c )** 180 **d )** 150 ( 1 )

**ബി )** ഓണം പ്രമാണിച്ച് ഒരു കടയിൽ പ്രദർശിപ്പിച്ച പരസ്യബോർഡാണ് ഇത്.

**വമ്പിച്ച വിലക്കുറവ്**

**30 % കിഴിവ്**

**a)** രാജു ഈ കടയിൽ നിന്ന് 7500 രൂപ വിലയുള്ള മൊബൈൽ ഫോൺ വാങ്ങുന്നു. കിഴിവ് കഴിച്ച് ഫോണിന് നൽകേണ്ട വിലയെത്ര? ( 2 )

**b)** ലിസി ഇവിടെ നിന്ന് ഒരു ടി വി വാങ്ങിയപ്പോൾ 3600 രൂപ കിഴിവ് കിട്ടി. ടി വിക്ക് കടയിൽ പ്രദർശിപ്പിച്ച വില എത്ര? ( 2 )

## പ്രവർത്തനം 3

**എ )**അടുത്തടുത്ത മൂന്ന് ഇരട്ട സംഖ്യകളിൽ നടുവിലെ സംഖ്യ x എന്നെടുത്താൽ ചെറിയ സംഖ്യ ഏത്?

**a)** x+2 **b)** x - 2 **c)** 2 x **d)** x – 1 ( 1 )

**ബി )**

**2 + 4+ 6 = 12**
**4+ 6+ 8 = 18**
**6+ 8 + 10 = 24**
**..........**
**..........**

# SAMAGRA PLUS

അടുത്ത രണ്ട് വരികൾ എഴുതുക ( 1 )

**സി )** അടുത്തടുത്ത മൂന്ന് ഇരട്ട സംഖ്യകളുടെ ഗുണനഫലവും നടുവിലെ സംഖ്യയും തമ്മിലുള്ള ബന്ധമെന്ത്? ( 1 )

**ഡി )** കണ്ടെത്തിയ ബന്ധം ബീജഗണിതം ഉപയോഗിച്ച് വിശദീകരിക്കുക. ( 2 )

## പ്രവർത്തനം 4

**എ )** 40 സെന്റീമീറ്റർ ചുറ്റളവുള്ള സമചതുരത്തിന്റെ പരപ്പളവ് .... ചതുരശ്ര സെന്റീമീറ്റർ ആണ്.


[ 400 , 200 , 100 , 80 ] ( 1 )

**ബി ) 1764 = $2^2$ x $3^2$ x $7^2$** എന്നെഴുതാം .

1764 ചതുരശ്ര സെന്റീമീറ്റർ പരപ്പളവുള്ള സമചതുരത്തിന്റെ ഒരു വശത്തിന്റെ നീളമെത്ര? ( 1 )

**സി )** ചിത്രത്തിൽ കാണുന്ന സമചതുരത്തിന്റെ പരപ്പളവ് കണ്ടുപിടിക്കുക.

( 1 )




**ഡി )** $24\frac{1}{2}$ ചതുരശ്ര സെന്റീമീറ്റർ പരപ്പളവുള്ള സമചതുരം വരയ്ക്കുക. ( 2 )

## പ്രവർത്തനം 5

ഒരു കമ്പ്യൂട്ടർ സ്ഥാപനം തുടങ്ങുന്നതിന് കുടുംബശ്രീ കൂട്ടായ്മ ഒരു സഹകരണ ബാങ്കിൽ നിന്നും 480000 രൂപ ഒരു വർഷ കാലാവധിക്ക് വായ്പയെടുക്കുന്നു. ബാങ്ക് ഒരു

വർഷത്തേക്ക് $6\frac{1}{4}$ % പലിശ കണക്കാക്കുന്നു. വായ്പത്തുകയുടെ 60% കമ്പ്യൂട്ടറുകൾ വാങ്ങുന്നതിനും ബാക്കി തുക ഫർണിച്ചർ വാങ്ങുന്നതിനും വിനിയോഗിക്കുന്നു .

**എ )** $6\frac{1}{4}$ ശതമാനത്തിനു തുല്യമായ ഭിന്നസംഖ്യയേത് ? ( 1 )

**a)** $\frac{1}{6}$ **b)** $\frac{1}{4}$ **c)** $\frac{1}{12}$ **d)** $\frac{1}{16}$

**ബി )** കമ്പ്യൂട്ടറുകൾ വാങ്ങുന്നതിന് ചെലവഴിക്കുന്ന തുകയെത്ര? ( 1 )

**സി )**ഫർണിച്ചർ വാങ്ങുന്നതിന് ഉപയോഗിക്കുന്ന തുക കമ്പ്യൂട്ടറുകൾ വാങ്ങുന്നതിന് ചെലവഴിച്ച തുകയെക്കാൾ എത്ര രൂപ കുറവാണ് ? ( 1 )

**ഡി )** ഒരു വർഷം കഴിഞ്ഞ് ബാങ്കിൽ തിരിച്ചടക്കേണ്ട തുക എത്ര ? ( 2 )

## പ്രവർത്തനം 6

11 ൽ തുടങ്ങി വീണ്ടും വീണ്ടും 9 കൂട്ടിയാൽ കിട്ടുന്ന സംഖ്യകളാണ് ചുവടെ കാണുന്നത്.

**11, 20, 29, 38, .....**

**എ )** ഈ സംഖ്യാ കൂട്ടത്തിലെ ഏറ്റവും വലിയ രണ്ടക്ക സംഖ്യ ഏതാണ്?

**a)** 90 **b)** 92 **c)** 88 **d)** 98 ( 1 )

**ബി )** ഈ സംഖ്യാ കൂട്ടത്തിലെ ഏത് സംഖ്യയെയും 9 കൊണ്ട് ഹരിച്ചാൽ മിച്ചം എത്രയാണ് ? ( 1 )

**സി )** 200 എന്ന സംഖ്യ ഈ സംഖ്യാ കൂട്ടത്തിൽ ഉണ്ടാകുമോ ? ( 1 )

**ഡി )** ഈ സംഖ്യാ കൂട്ടത്തിന്റെ പൊതുവായ ബീജഗണിത രൂപം എഴുതുക. ( 2 )

# SAMAGRA PLUS

## പ്രവർത്തനം 7

**എ )** ചുവടെ കൊടുത്തവയിൽ ഏത് സെറ്റ് സംഖ്യകളാണ് മട്ടത്രികോണത്തിന്റെ വശങ്ങളുടെ അളവുകൾ ആകാവുന്നത് ? ( 1 )

**a) 7, 8 , 9**

**b) 6 , 8 , 10**

**c) 5 , 10, 15**

**d) 8, 10 , 12**


**ബി )** ഒരു ചതുരത്തിന്റെ അടുത്തടുത്ത വശങ്ങളുടെ നീളങ്ങൾ 8 സെന്റീമീറ്റർ , 3 സെന്റീമീറ്റർ ആകുന്നു. അതിന്റെ വികർണ്ണത്തിൽ വരക്കുന്ന സമചതുരത്തിന്റെ പരപ്പളവ് കണ്ടുപിടിക്കുക. ( 1 )

**സി )** ചിത്രത്തിൽ കാണുന്നത് ഒരു പറമ്പിന്റെ രേഖാചിത്രമാണ്. ( 3 )

സമചതുരാകൃതിയിലുള്ള സ്ഥലത്തിന്റെ പരപ്പളവ് എത്ര?


മുഴുവൻ സ്ഥലത്തിന്റെയും പരപ്പളവ് കണക്കാക്കുക

.




## പ്രവർത്തനം 8

ഒരു സംസ്ഥാനത്തിലെ വിവിധ കാർഷിക വിളവുകളുടെ 2024 വർഷത്തെ ഉൽപ്പാദനം കാണിക്കുന്ന വൃത്ത ചിത്രമാണ് ഇത്.



SAMAGRA PLUS

**എ )** ആകെ ഉൽപ്പാദനത്തിന്റെ എത്ര ശതമാനമാണ് ചോളം?

a) 15 % b) 5 % c) 10 % d) 40 % ( 1 )

**ബി )** സംസ്ഥാനത്തെ ആകെ കാർഷിക ഉൽപ്പാദനം 4800 ടൺ ആണെങ്കിൽ ആ വർഷത്തെ ഗോതമ്പ് ഉൽപ്പാദനം എത്ര ടൺ ആണ്? ( 1 )

**സി )** നെല്ലിനേക്കാൾ എത്ര ശതമാനം കൂടുതലാണ് ഗോതമ്പിന്റെ ഉൽപ്പാദനം ? ( 1 )

**ഡി )** വൃത്ത ചിത്രത്തിൽ കരിമ്പുൽപ്പാദനം കാണിച്ച ഭാഗത്തിന്റെ കേന്ദ്രകോണിന്റെ അളവെത്ര ? ( 2 )

SAMAGRA PLUS

# ഉത്തര സൂചിക:

## പ്രവർത്തനം 1


**എ )** $\frac{1}{2}*(12*5)=30$ **(1)**

**ബി )** 5 സെന്റീമീറ്റർ **(1)**

**സി )** 13 സെന്റീമീറ്റർ **(1)**

**ഡി )**

ലംബ വശങ്ങൾ 12 സെന്റീമീറ്റർ, 5 സെന്റീമീറ്റർ ആയ മട്ടത്രികോണം വരയ്ക്കണം. **(2)**




## പ്രവർത്തനം 2

**എ )** 190 **(1)**

**ബി )**

**a)** 5250 രൂപ **(2)**

**b)** 12000 രൂപ **(2)**

## പ്രവർത്തനം 3

**എ )** x – 2 **(1)**

**ബി )** 8+ 10+ 12 = 30

10+ 12 + 14 = 36 **(1)**

**സി )** അടുത്തടുത്ത മൂന്ന് ഇരട്ട സംഖ്യകളുടെ തുക അവയിലെ നടുവിലെ സംഖ്യയുടെ 3 മടങ്ങ് ആയിരിക്കും. **(1)**

**ഡി )** x-2 + x + x + 2 = 3x **(2)**

**പ്രവർത്തനം 4**

**എ )** 100 **(1)**

**ബി )** 42 **(1)**


**സി )** 450 ചതുരശ്ര സെന്റീമീറ്റർ **(1)**

**ഡി )**

3.5 cm വീതം വശങ്ങളുള്ള മട്ടത്രികോണത്തിന്റെ കർണ്ണത്തിൽ വരക്കുന്ന സമചതുരത്തിന്റെ പരപ്പളവ് $= (3.5)^2 + (3.5)^2$


$= 24.5$

ആയിരിക്കും. **(2)**




**അല്ലെങ്കിൽ**

7 cm വശമുള്ള സമചതുരം വരച്ച് അതിന്റെ വശം വികർണ്ണമായി മറ്റൊരു സമചതുരം വരയ്ക്കുക.



**പ്രവർത്തനം 5**

**എ )** $\frac{1}{16}$ **(1)**

**ബി )** കമ്പ്യൂട്ടറുകൾ വാങ്ങുന്നതിന് ഉപയോഗിച്ച തുക = 480000 x $\frac{60}{100}$

= 288000 രൂപ **(1)**

**സി )** കമ്പ്യൂട്ടറുകൾ വാങ്ങുന്നതിനും ഫർണ്ണിച്ചറുകൾ വാങ്ങുന്നതിനും

ഉപയോഗിച്ച തുകകൾ തമ്മിലുള്ള വ്യത്യാസത്തിന്റെ ശതമാനം = 60 – 40

= 20 %

തുകകൾ തമ്മിലുള്ള വ്യത്യാസം = 480000 x $\frac{20}{100}$ = 96000 രൂപ **(1)**

**ഡി )** 480000 x $\frac{1}{16}$ = 30000 **(1)**

ബാങ്കിൽ തിരിച്ചടക്കേണ്ട തുക = 480000 + 30000 = 510000 രൂപ **(1)**

**പ്രവർത്തനം 6**

**എ )** 92

**ബി )** 2

**സി )** ഉണ്ടാകും


**ഡി )** 9n+2 , ഇവിടെ n= 1, 2 , 3, ........എന്നിങ്ങനെയാണ്

**പ്രവർത്തനം 7**

**എ )** 6, 8 , 10 **(1)**

**ബി )** 73 ചതുരശ്ര സെന്റീമീറ്റർ **(1)**

**സി )**




സമചതുരത്തിന്റെ പരപ്പളവ് $= 5^2 + 12^2$

$= 169$ ചതുരശ്രമീറ്റർ

**(1)**

ത്രികോണത്തിന്റെ പരപ്പളവ് $= \frac{1}{2}$ x 12 x5

**(1)**

$= 30$

ചതുരത്തിന്റെ പരപ്പളവ് $= 12 \times 3 = 36$

ആകെ പരപ്പളവ് $= 169 + 30 + 36 = 235$ ചതുരശ്രമീറ്റർ **(1)**

**പ്രവർത്തനം 8**

**എ )** 5% **(1)**

**ബി )** $4800 \times \frac{40}{100} = 1920$ ടൺ **(1)**

**സി )** 25% **(1)**

**ഡി )** $360 \times \frac{25}{100} = 90^0$ **(2)**